2. അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി.

3. പ്രമുഖരായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ആശ്രിതർക്ക് നൽകുന്ന ധനസഹായം.

4. സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/ അനാവർത്തന ഗ്രാന്റ്. ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര രംഗത്തെ അവശകലാകാരന്മാർക്ക് 1000 രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കൂടാതെ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപവരെ ചികിത്സാ ധനസഹായവും നൽകുന്നു. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000 രൂപയിൽ കവിയാത്തവരുമായ ചലച്ചിത്രകാരന്മാർക്ക് പെൻഷനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട രീതി-ആധാറിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ഫോട്ടോ, ചലച്ചിത്ര സംഘടനയുടെ/സംവിധായകന്റെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ചലച്ചിത്ര അക്കാദമി സെക്രട്ടറിയ്ക്ക് നൽകിയാൽ മതി. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികളും അർഹതാ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടത്തിയ പരിപാടികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. കഴിഞ്ഞ അഞ്ചു വർഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടത്തിയ പരിപാടികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ബാലഭവനുകളുടെ പ്രവർത്തനം**

371(1118) <u>ശ്രീ. എം. നൗഷാദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ എത്ര ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) ബാലഭവനുകളിലെ നിയമനാധികാരി ആരെന്നും ഓരോ ബാലഭവനിലെയും അംഗീകൃത ജീവനക്കാർ എത്രയെന്നും അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെന്നും വ്യക്തമാക്കാമോ?

മേൽപറഞ്ഞ ഓരോ ബാലഭവനുകളിലുമുള്ള സർക്കാർ അംഗീകൃത തസ്തികകളിൽ ജീവനക്കാരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ബാലഭവനുകളിലെ ഭരണ-സമിതിയിൽ നിക്ഷിപ്തമാണ്. ഓരോ ബാലഭവനുകളിലായി സർക്കാർ സൃഷ്ടിച്ച/അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പ്രസ്തുത ബാലഭവനുകളിൽ സർക്കാർ അംഗീകൃത തസ്തികകളിൽ നിയമിതരാക്കുന്നവർക്കുള്ള സർവ്വീസ് റൂൾസ് നിശ്ചയിച്ച് കൊണ്ട് 31-7-1997-ലെ സ.ഉ.(എം.എസ്) 44/1997/ സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത തസ്തികകളിൽ നിയമിതരാകുന്നവർക്ക് 20-7-2018-ലെ സ. ഉ.(എം.എസ്.) 29/2018/ സാം.കാ.വ. നമ്പർ ഉത്തരവിൻ പ്രകാരമുള്ള ശമ്പള സ്കെയിലാണ് അനുവദിച്ച് പോരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; പരിഷ്കരിച്ച ശമ്പളം എന്നു മുതലാണ് വിതരണം ചെയ്തു തുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 9-ഉം, 10-ഉം ശമ്പള പരിഷ്കരണങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ബാലഭവനുകളിലെ ജീവനക്കാർക്കും 20-7-2018-ലെ സ. ഉ.(എം.എസ്.) 29/2018/സാം.കാ.വ. നമ്പർ ഉത്തരവിൻപ്രകാരം ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം വിവിധ ബാലഭവനുകൾ നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനും പ്രതിവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ കണക്ക് വ്യക്തമാക്കാമോ; ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

23-3-1995-ലെ സ.ഉ.(എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിൻ പ്രകാരം കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനം പ്രതിവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ കണക്ക്/ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.* 23-3-1995-ലെ സ.ഉ. (എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഓരോ ബാലഭവനം പ്രത്യേകം ശീർഷകം അനുവദിക്കണമെന്നും ബഡ്ജറ്റ് വിഹിതം തുല്യമായി വിതരണം ചെയ്യണമെന്നുമുള്ള ആവശ്യം സർക്കാരിനു മുമ്പാകെയുണ്ടോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം**

372(1119) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം പഞ്ചായത്തിലെ പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ**

373(1120) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തോട് ചേർന്നുള്ള സ്ഥലത്ത് കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ, എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം, ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സമുച്ചയ നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly